DESPATC
On 6/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

**A.P.1544(2)/2018/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.6609/SIC-G6/2018**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. മോഹനകൃഷ്ണൻ ആർ.,<br>റ്റി.സി. 10/1867 (2), ശിവാരം,<br>കാവല്ലൂർ ലൈൻ,<br>മഞ്ചാടിമൂട്, വട്ടിയൂർക്കാവ്,<br>തിരുവനന്തപുരം-695013 | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>എം.ജി. കോളേജ്,<br>കേശവദാസപുരം,<br>തിരുവനന്തപുരം-4<br><br>2. അപ്പീൽ അധികാരി,<br>എം.ജി. കോളേജ്,<br>കേശവദാസപുരം,<br>തിരുവനന്തപുരം-4 | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷന്റെ 2019 ജനുവരി മാസം 03-ാം തീയതിയിലെ ഉത്തരവു പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. സുധീഷ് കുമാർ ജെ. നൽകിയ വിശദീകരണം തൃപ്തികരമല്ല. വിവരാവകാശ നിയമം 7(1) വകുപ്പ് പ്രകാരം അപേക്ഷകന് സമയബന്ധിതമായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. അതിനാൽ ടിയാനെ ശിക്ഷിക്കുവാനും, ശിക്ഷയായി 2,500/- രൂപ (രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) പിഴയിനത്തിൽ ശ്രീ. സുധീഷ് കുമാർ ജെ. -യിൽ നിന്നും ഈടാക്കുവാനും കമ്മീഷൻ ഉത്തരവാകുന്നു.

(മറുപുറം)

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. സുധീഷ് കുമാർ ജെ. 2,500/- രൂപ (രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം ചലാന്റെ അസൽ സഹിതം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്ന് പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതും, ടി വിവരം കമ്മീഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം **2023 ജനുവരി മാസം 30-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

dp